**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2208** | **01-09-2022 - ൽ മറുപടിയ്ക്ക്**

**ഓണക്കാലത്ത് വിലക്കയറ്റം പ്രതിരോധിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഓണക്കാലത്ത് ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം പ്രതിരോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | ഉണ്ട്. 2022 ഓണത്തോടനുബന്ധിച്ച് 01.08.2022 ലെ സ.ഉ.(സാധാ) നം. 273/2022/ഭ.പൊ.വി.വ നം. ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും 22.08.2022 ലെ സ.ഉ.(സാധാ) നം. 309/2022/ഭ.പൊ.വി.വ നം. ഉത്തരവ് പ്രകാരം സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്കും തുണിസഞ്ചിയടക്കം 14 ഇനം ആവശ്യസാധനങ്ങളടങ്ങിയ സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തുവരുന്നുണ്ട്.<br><br>കൂടാതെ സംസ്ഥാനത്തുടനീളം ഓണച്ചന്തകൾ സംഘടിപ്പിച്ച്, പൊതു ജനങ്ങൾക്ക് പച്ചക്കറി ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ കൂടുതൽ അളവിൽ ന്യായവിലയ്ക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നുമുണ്ട്..<br><br>മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ ഓണക്കാലത്ത് 14 ജില്ലാ ഫെയറുകൾ, 75 താലൂക്ക് ഫെയറുകൾ, 51 ഓണം മാർക്കറ്റുകൾ എന്നിവയിലൂടെ, പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് എല്ലാ സജ്ജീകരണങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും ഓണക്കാലത്തെ ഉത്രാടം വരെയുള്ള അഞ്ചുദിവസം ഓണം മിനിഫെയറുകളായി പ്രവർത്തിക്കുന്നതാണ്. ഇത്തരത്തിൽ വിൽപ്പനശാലകൾ വഴിയും ഓണം പ്രത്യേക ചന്തകൾ വഴിയും വിപണിയിടപെടൽ നടത്തുന്നതുവഴി ഓണക്കാലത്ത് വിലവർദ്ധനവ് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഉത്സവ കാലങ്ങളിൽ അവശ്യഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കുന്നതുമൂലം കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ്, ഊഹക്കച്ചവടം എന്നിവ മൂലമുള്ള കൃത്രിമ ക്ഷാമം, കൃത്രിമ വിലക്കയറ്റം എന്നിവയ്ക്കുള്ള സാധ്യത ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ